**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1064** **27-07-2021 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക മേഖലയിൽ ഉല്പാദകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തത് കാരണം യുവതലമുറ കൃഷി ജീവിതമാർഗ്ഗമാക്കാൻ മടിക്കുന്ന പശ്ചാത്തലത്തിൽ മൂല്യ വർദ്ധിതോല്പന്നങ്ങൾ വ്യാപിപ്പിച്ച് ന്യായവില ഉറപ്പാക്കുന്നതിനും വിപണി സൃഷ്ടിക്കുന്ന അനിശ്ചിതാവസ്ഥക്ക് പരിഹാരം കാണുന്നതിനും പദ്ധതിയുണ്ടോ; | (എ) | കോവിഡ് 19 രൂക്ഷമായ സാഹചര്യത്തിൽ നടപ്പിലാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കുവാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനു വേണ്ടി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 550 വിപണികൾ വഴി AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും സംഭരിക്കുകയും ചെയ്യുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങു വിലയിൽ നിന്നുള്ള വ്യത്യാസം (gap) കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. ഇതിനായി 10.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ് 19 ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിനു കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി, അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിനു ഹോർട്ടികോർപിന് നിർദ്ദേശം നൽകുകയും അതു പ്രകാരം |

| | | | |
|---|---|---|---|
| | | | ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു. പച്ച കപ്പ സംഭരിച്ചു അത് ഡ്രയറുകളിൽ ഉണക്കി വാട്ട് കപ്പയാക്കി വിപണിയിൽ എത്തിക്കാൻ ഹോർട്ടികോർപ് നടപടികൾ സ്വീകരിച്ചു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കാർഷിക മേഖലയിലേക്ക് യുവാക്കൾ ഉൾപ്പെടെയുള്ളവരെ ആകർഷിക്കുന്നതിനായി ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ കൃഷിവകുപ്പ് നടപ്പിലാക്കുന്നു. ഇടത്തരം ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 30 മുതൽ 50% വരെ സബ്സിഡി നിരക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 4 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ഓരോ ജില്ലയിലും ഭക്ഷ്യോല്പന്നങ്ങളുടെ മൂല്യവർധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 93 കോടി രൂപയും വ്യക്തിപരമായി പ്രോസസിംഗ് മെഷീനുകൾ വാങ്ങുന്നതിനായി 50% സബ്സിഡി നിരക്കിൽ 84 കോടി രൂപക്കുള്ള പദ്ധതികളും ഈ വർഷം നടത്തുന്നു. ഇതിനു പുറമേ 150 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കാർഷികകോൽപ്പാദനം മുതൽ വിപണനം വരെയും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിങ്ങനെയുള്ള എല്ലാം ഏകോപനവും FPO കൾ ഉറപ്പിക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | സംസ്ഥാനത്തെ ഓരോ ജില്ലയിലേയും മുഖ്യവിളകളെ ആസ്പദമാക്കി മൂല്യ വർദ്ധിതോല്പന്ന നിർമ്മാണത്തിനുള്ള ഒരു ജില്ല ഒരുല്പന്നം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പദ്ധതി ഫലപ്രദമായി പ്രാവർത്തികമാക്കുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ; | (ബി) | കേരള സംസ്ഥാന വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ഒരു ജില്ല ഒരുൽപ്പന്നം പദ്ധതി. ഇപ്രകാരം കേരളത്തിലെ വിവിധ ജില്ലകളിൽ ODOP പ്രകാരം തിരഞ്ഞെടുത്ത വിളകൾ താഴെ ചേർക്കുന്നു. ഇത്തരത്തിൽ ജില്ലകളിൽ നിന്നും ലഭിക്കുന്ന പദ്ധതികൾ വ്യവസായ വകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്നു. |
| (സി) | കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനു കഴിഞ്ഞ സർക്കാർ വർഷം തോറും നടത്തി വന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനു വർഷം തോറും നടത്തി വരുന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും തുടർന്ന് നടത്താൻ ഈ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| 1 | ആലപ്പുഴ | നെൽ |
| 2 | എറണാകുളം | പൈനാപ്പിൾ |
| 3 | ഇടുക്കി | ഏലം |
| 4 | കണ്ണൂർ | തേങ്ങാ |
| 5 | കാസർഗോഡ് | ചിപ്പി |
| 6 | കൊല്ലം | കിഴങ്ങു വർഗ്ഗം |
| 7 | കോട്ടയം | പൈനാപ്പിൾ |
| 8 | കോഴിക്കോട് | തേങ്ങാ |
| 9 | മലപ്പുറം | തേങ്ങാ |
| 10 | പാലക്കാട് | വാഴ |
| 11 | പത്തനംതിട്ട | ചക്ക |
| 12 | തൃശ്ശൂർ | നെൽ |
| 13 | തിരുവനന്തപുരം | മരച്ചീനി |
| 14 | വയനാട് | പാലും പാലുൽപ്പന്നങ്ങളും |